ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 28.03.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലാണ് രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ്.

   The notification for the second phase of Lok Sabha elections has been issued.Twenty seats of Kerala, will go to polls in this first phase.

2. സംസ്ഥാനത്ത് നാമനിർദ്ദേശ പത്രികകൾ സ്വീകരിച്ചു തുടങ്ങി. ഏപ്രിൽ 4 ആണ് പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി.

   Filing of nomination started in Kerala. Nominations can be filed till the 4th of April.

3. ഒന്നാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ലക്ഷദ്വീപിൽ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന പൂർത്തിയായി.

   Scrutiny of nomination is completed in Lakshadweep constituency for LS election.

4. തൊഴിലുറപ്പ് പദ്ധതിയുടെ പ്രതിദിന വേതനം പുതുക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറത്തിറക്കി. കേരളത്തിൽ പുതുക്കിയ വേതനം 346 രൂപ.

The Centre has notified the revised wages in Mahatma Gandhi National Rural Employment Guarantee Act, MGNREGA for 2024-25. The daily wage rate for unskilled manual workers in Kerala will be 346 rupees

5. അന്ത്യ അത്താഴ സ്മരണയിൽ ഇന്ന് പെസഹാ വ്യാഴം. സംസ്ഥാനത്തെ ക്രൈസ്തവ ദേവാലയങ്ങളിൽ ശുശ്രൂഷാ ചടങ്ങുകൾ പുരോഗമിക്കുന്നു.

To commemorate the last supper of Jesus Christ, Maundy Thursday is being observed today.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

In IPL, Rajastan Royals will take on Delhi Capitals today.

$$$$$$$$$$$$$$$$$$$$

**REV. 2ND PHASE NOTIFICATION**

കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. 12 സംസ്ഥാനങ്ങളിലെയും, ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. നാമനിർദ്ദേശ പത്രിക ഇന്നു മുതൽ സ്വീകരിച്ചു തുടങ്ങി. ഏപ്രിൽ 4 വരെയാണ് പത്രിക സമർപ്പിക്കാനുള്ള അവസരം. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന 12 സംസ്ഥാനങ്ങളിൽ ഏപ്രിൽ 5 നും, ജമ്മു കശ്മീരിൽ ഏപ്രിൽ ആറിനും നടക്കും. വോട്ടെടുപ്പ് ഏപ്രിൽ 26 നാണ്. കേരളത്തിലെ 20 മണ്ഡലങ്ങൾക്ക് പുറമേ, കർണാടകയിൽ 14 ഇടത്തും, രാജസ്ഥാനിലെ 13 സീറ്റുകളിലും രണ്ടാംഘട്ടത്തിലാണ് വോട്ടെടുപ്പ്. ബിഹാർ, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര,

മധ്യപ്രദേശ്, ത്രിപുര, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, അസം തുടങ്ങിയ സംസ്ഥാനങ്ങളിലും രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും.

$$$$$$$$$$$$$$$$$$$$

## Election Kerala (Intro)

തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറത്തുവന്നതോടെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അന്തിമഘട്ട തയ്യാറെടുപ്പിലാണ് സംസ്ഥാനത്ത് മുന്നണികൾ.

വിശദാംശങ്ങളിലേക്ക്.......

(വോയ്സ്)

സംസ്ഥാനത്ത് നാമനിർദ്ദേശപത്രികാ സമർപ്പണത്തിന് ഇന്നു മുതൽ ഏപ്രിൽ നാലു വരെ അവസരമുണ്ടെങ്കിലും, ഇടയ്ക്ക് മൂന്ന് പൊതു അവധി ദിവസങ്ങൾ വരുന്നതിനാൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ് സ്ഥാനാർത്ഥികൾ. തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച മാനദണ്ഡപ്രകാരം പൊതു അവധിദിനങ്ങളായ മാർച്ച് 29, 31, ഏപ്രിൽ ഒന്ന് എന്നീ ദിവസങ്ങൾ ഒഴികെ പത്രിക നൽകാവുന്നതാണ്. രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നു വരെയാണ് പത്രികാ സമർപ്പണത്തിനുള്ള സമയം. 20 ലോക്സഭാ മണ്ഡലങ്ങളിലേക്കും ബന്ധപ്പെട്ട റിട്ടേണിംഗ് ഓഫീസർമാർക്കു മുമ്പാകെയാണ് പത്രിക സമർപ്പിക്കേണ്ടത്. വോട്ടെടുപ്പു ദിനമായ ഏപ്രിൽ 26നു സംസ്ഥാനത്തു പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ ഓഫിസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവധി ബാധകമാണ്. വാണിജ്യ സ്ഥാപനങ്ങൾക്കു ശമ്പളത്തോടെയുള്ള അവധിയായിരിക്കും. സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വ്യവസായ കേന്ദ്രങ്ങൾ തുടങ്ങിയിടങ്ങളിൽ അവധി പ്രഖ്യാപിക്കുന്നതിന് ലേബർ കമ്മിഷണർ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും നിർദ്ദേശമുണ്ട്. അവധി ദിനത്തിൽ വേതനം നിഷേധിക്കുകയോ കുറവു വരുത്തുകയോ ചെയ്യരുതെന്നും ഉത്തരവിൽ പറയുന്നു.

$$$$$$$$$$$$$$$$$$

Kollam- paper submission

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിലേക്കുള്ള നാമനിർദ്ദേശപത്രിക സമർപ്പണം ആരംഭിച്ചു. കൊല്ലം ലോക്സഭാ മണ്ഡലത്തിൽ ഇടതുമുന്നണി സ്ഥാനാർത്ഥിയായി എം മുകേഷ് ആണ് ആദ്യമായി നാമനിർദ്ദേശ പത്രിക നൽകിയത് . വരണാധികാരിയായ കളക്ടർ എൻ ദേവിദാസിന് മുൻപാകെയാണ് അദ്ദേഹം നാമനിനിർദ്ദേശപത്രിക സമർപ്പിച്ചത്. രണ്ട് സെറ്റ് പത്രികയാണ് സമർപ്പിച്ചത്. മന്ത്രി കെ. എൻ. ബാലഗോപാൽ ഉൾപ്പടെയുള്ള നേതാക്കൾ ഒപ്പമുണ്ടായിരുന്നു.

കാസർഗോഡ് എൻ.ഡി.എ സ്ഥാനാർത്ഥി എം എൽ അശ്വിനിയും ഇന്ന് പത്രിക സമർപ്പിച്ചു. കളക്ടർ ശ്രീ കെ ഇമ്പശേഖർ പത്രിക സ്വീകരിച്ചു.

$$$$$$$$$$$$$$$$$$

**FIRST PHASE ELECTION**

ഒന്നാംഘട്ടത്തിൽ പൊതുതിരഞ്ഞെടുപ്പ് നടക്കുന്ന ബിഹാറിലെ നാല് മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ഒന്നാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ബിഹാറിലെ ഒഴികെ മറ്റെല്ലാ മണ്ഡലങ്ങളിലും പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടക്കും. ഏപ്രിൽ 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സിക്കിം, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലും പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടക്കും.

$$$$$$$$$$$$$$$$$$

## Lakshadweep loksabha constituency

ലക്ഷദ്വീപ് പാർലിമെൻ്റ് മണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശപത്രികകളുടെ സുക്ഷ്മ പരിശോധന പൂർത്തിയായി.
റിട്ടേണിംങ്ങ് ഓഫീസർ കൂടിയായ കലക്ടർ അർജുൻ മോഹൻറെ അദ്ധ്യക്ഷതയിൽ കവരത്തി സെക്രട്ടറിയേറ്റ് കോൺഫ്രൺസ് ഹാളിൽ ചേർന്ന യോഗത്തിൽ സ്ഥാനാത്ഥികളും നിയമ വിദഗ്ദ ധരും പങ്കെടുത്തു.
NCP ശരത് പവാർ പക്ഷ സ്ഥാനാത്ഥിയായി നിലവിലെ MP മുഹമ്മദ് ഫൈസൽ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് സ്ഥാനാത്ഥിയായി ഹംദുള്ളാ സെയ്ദ് ,
NCP അജിത് പവാർ പക്ഷത്തുനിന്നും NDA സ്ഥാനാത്ഥിയായി കടമത്ത് ദ്വിപ് നിവാസിയായ യുസഫ് സഖാഫി, സ്വതന്ത്ര സ്ഥാനാത്ഥിയായി കൽപ്പേനി ദ്വീപ് സ്വദേശി കെ. കോയ എന്നീ 4 സ്ഥാനാത്ഥികളാണ് നാമ നിർദേശ പത്രിക സമർപ്പിച്ചിരിക്കുന്നത്.

$$$$$$$$$$$$$$$$$$

## CENTRE - MGNREGA

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ , 2024-25 കാലയളവിലെ പ്രതിദിന വേതനം പുതുക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറത്തിറക്കി.
അവിദഗ്ധരായ തൊഴിലാളികൾക്ക് കേരളത്തിൽ 346 രൂപയാണ് പുതുക്കിയ വേതനം. ഹരിയാനയിൽ 374 രൂപ , ഗോവയിൽ 356 , കർണാടകയിൽ 349, പഞ്ചാബിൽ 322 എന്നിങ്ങനെയാണ് വേതനം പുതുക്കി നിശ്ചയിച്ചിരിക്കുന്നത്. ഏപ്രിൽ 1 മുതൽ ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. ഇതിന് മുമ്പ് കഴിഞ്ഞ വർഷം മാർച്ചിലാണ് വേതനം പുതുക്കിയത്.

$$$$$$$$$$$$$$$$$$

## REV ARMY-COMMANDER CONFERENCE

ആർമി കമാൻഡേഴ്സ് കോൺഫറൻസ് 2024 ന് ന്യൂഡൽഹിയിൽ തുടക്കമായി. ഹൈബ്രിഡ് മോഡിലാണ് ഇക്കുറി സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്. രാജ്യത്തെ സുരക്ഷാ സാഹചര്യം അവലോകനം ചെയ്യുന്നതിനും, കരസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നൂതനാശയങ്ങൾ വിലയിരുത്തുന്നതിനുമുള്ള സുപ്രധാന വേദിയാണ് ആർമി കമാൻഡേഴ്സ് കോൺഫറൻസ് . സമ്മേളനത്തിൻറെ ആദ്യദിനമായ ഇന്ന് കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡേ കരസേനാ കമാൻഡറുമാരുമായി സംവദിക്കും. രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഏപ്രിൽ 2 ന് സമ്മേളനത്തെ അഭിസംബോധന ചെയ്യും . സേനാ നേതൃത്വവുമായും അദ്ദേഹം സംവദിക്കും. സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ, വ്യോമ, നാവിക സേനാ മേധാവികൾ തുടങ്ങിയവർ അടുത്ത മാസം രണ്ടിന് നടക്കുന്ന സമാപന സമ്മേളനത്തിൽ പങ്കെടുക്കും.

$$$$$$$$$$$$$$$$$$

## REV. UKRAINE FM VISIT

യുക്രൈൻ വിദേശകാര്യമന്ത്രി ദിമിത്രോ കുലേബ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിൽ എത്തി. ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ് ജയശങ്കറിൻ്റെ ക്ഷണപ്രകാരമാണ് അദ്ദേഹം രാജ്യത്തെത്തിയത്. ഉഭയകക്ഷി പങ്കാളിത്തത്തെക്കുറിച്ചും പ്രാദേശിക, ആഗോള വിഷയങ്ങളിലെ സഹകരണത്തെക്കുറിച്ചും ശ്രീ ജയശങ്കറുമായി അദ്ദേഹം ചർച്ച ചെയ്യുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഡെപ്യൂട്ടി സുരക്ഷാ ഉപദേഷ്ടാവുമായും,

ഇന്ത്യയിലെ ബിസിനസ്സ് പ്രമുഖരുമായും യുക്രൈൻ വിദേശകാര്യമന്ത്രി കൂടിക്കാഴ്ച നടത്തും.

$$$$$$$$$$$$$$$$$$

## AFSPA-**MHA**

സായുധ സേനകൾക്ക് പ്രത്യേക അധികാരം നൽകുന്ന അഫ്സ്പാ നിയമം നാഗാലാൻഡിലെ 8 ജില്ലകളിലും, അഞ്ച് ജില്ലകളിലെ 21 പോലീസ് സ്റ്റേഷൻ പരിധികളിലും ദീർഘിപ്പിച്ചതായി കേന്ദ്ര സർക്കാർ. സംസ്ഥാനത്തെ ക്രമസമാധാന നില വിലയിരുത്തിയ ശേഷമാണ് ആഭ്യന്തര മന്ത്രാലയം തീരുമാനം കൈക്കൊണ്ടത്. ദിമാപ്പൂർ ഉൾപ്പെടെയുള്ള ജില്ലകളിൽ ഏപ്രിൽ 1 മുതൽ അറ് മാസത്തേക്കാണ് അഫ്സ്പാ ദീർഘിപ്പിച്ചത്.

$$$$$$$$$$$$$$$$$$

## Maundy Thursday

ഇന്ന് പെസഹാ വ്യാഴം. കുരിശുമരണം വരിക്കും മുൻപ് യേശു, ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിൻറെയും അവർക്കൊപ്പം അന്ത്യ അത്താഴം കഴിച്ചതിൻറെയും ഓർമ പുതുക്കുന്ന ദിനമാണിത്. സംസ്ഥാനത്തെ ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക പ്രാർഥനാ ചടങ്ങുകളും കാൽകഴുകൽ ശുശ്രൂഷയും നടന്നു.

$$$$$$$$$$$$$$$$$$

## JEE

ജെഇഇ മെയിൻസ് പരീക്ഷയുടെ രണ്ടാം സെഷനിൽ പങ്കെടുക്കുന്ന അപേക്ഷകർക്ക് പരീക്ഷാ കേന്ദ്രം സംബന്ധിച്ച അലോട്ട്മെൻറിനായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി അഡ്വാൻസ് ഇൻറിമേഷൻ സ്ലിപ്പ് പുറത്തിറക്കി. അടുത്തമാസം 4 മുതൽ 12 വരെയാണ് ജെഇഇ മെയിൻസിൻ്റെ രണ്ടാം സെഷൻ പരീക്ഷ നടക്കുന്നത്. രാജ്യത്തുടനീളം മൂന്നൂറ്റി പത്തൊൻപത് നഗരങ്ങളിലായി പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്ത്യയ്ക്ക് പുറത്ത് 22 നഗരങ്ങളിലും പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാണ്. ഓരോ ദിവസവും രണ്ട് ഷിഫ്റ്റുകളിലായാണ് പരീക്ഷകൾ നടക്കുക.

രാവിലെ 9 മുതൽ ഉച്ചയ്ക്ക് 12 വരെയും ഉച്ചകഴിഞ്ഞ് 3 മുതൽ 6 വരെയുമാണ് പരീക്ഷകൾ ക്രമീകരിച്ചിരിക്കുന്നത്. 12ന് രാവിലെ മാത്രമാണ് പരീക്ഷ. അപേക്ഷാ നമ്പറും ജനനത്തീയതിയും ഉപയോഗിച്ച് നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ വെബ്സൈറ്റ് വഴി പരീക്ഷാകേന്ദ്രം പരിശോധിക്കാം.

$$$$$$$$$$$$$$$$$$

## NEET

2024-2025 അക്കാദമിക വർഷം മുതൽ ഗവേഷണ പ്രവേശനത്തിനുള്ള മാനദണ്ഡം പരിഷ്കരിച്ച് യു.ജി.സി. പിഎച്ച്ഡി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് സ്വന്തം പ്രവേശന പരീക്ഷകൾക്ക് പകരം നെറ്റ് സ്കോർ ഉപയോഗിക്കാൻ രാജ്യത്തെ സർവകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റി ഗ്രാൻ്റ്സ് കമ്മീഷൻ നിർദ്ദേശം നൽകി. 2024 ജൂണിലെ നെറ്റ് പരീക്ഷയ്ക്കുള്ള നടപടിക്രമങ്ങൾ അടുത്ത ആഴ്ച ആരംഭിക്കുമെന്നും യുജിസി അറിയിച്ചു.

$$$$$$$$$$$$$$$$$$

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.രാത്രി 7.30ന് രാജസ്ഥാനിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ, സൺറൈസെഴ്സ് ഹൈദരാബാദ് 31 റൺസിന് പരാജയപ്പെടുത്തി.277 റൺസോടെ, ഐപിഎല്ലിൽ ഒരു ടീമിന്റെ ഏറ്റവും ഉയർന്ന സ്കോർ ഹൈദരാബാദ് ഇന്നലെ കരസ്ഥമാക്കി. മറുപടി ബാറ്റിംഗിന് ഇറങ്ങിയ മുംബൈ ഇന്ത്യൻസിന് 5 വിക്കറ്റ് നഷ്ടത്തിൽ 246 റൺസ് നേടാനെ കഴിഞ്ഞുള്ളു.

$$$$$$$$$$$$$$$$$$

## FOOD WASTE

ആഗോളതലത്തിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ഭക്ഷണത്തിൻറെ 19 ശതമാനം 2022 ൽ ലോകം പാഴാക്കിയതായി ഐക്യരാഷ്ട്ര റിപ്പോർട്ട്. ഏകദേശം 1.05 ബില്യൺ മെട്രിക് ടൺ ഭക്ഷണമാണ് ഇത്തരത്തിൽ പാഴായത്. 2030-ഓടെ ഭക്ഷണം പാഴാക്കൽ പകുതിയായി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് യുഎൻ പരിസ്ഥിതി പ്രോഗ്രാം പ്രസിദ്ധീകരിച്ച ഭക്ഷ്യ മാലിന്യ സൂചികയിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. ഓരോ വ്യക്തിയും പ്രതിവർഷം 79 കിലോഗ്രാം ഭക്ഷണം പാഴാക്കുന്നതായാണ് കണക്കുകൾ.

ഇതിൽ 60 ശതമാനവും വീടുകളിലാണ് പാഴാക്കുന്നത്. 28 ശതമാനം റെസ്റ്റോറൻറുകളിൽ നിന്നും 12 ശതമാനം റീട്ടെയിലർമാരിൽ നിന്നും പാഴാക്കുന്നു. ലോകമെമ്പാടുമുള്ള 783 ദശലക്ഷം ആളുകൾ കടുത്ത പട്ടിണിയിലും ഭക്ഷ്യ പ്രതിസന്ധികളിലും പെട്ട് ഉഴലുമ്പോഴാണ് ഇത് സംഭവിക്കുന്നത്. ഇസ്രായേൽ-ഹമാസ് യുദ്ധവും ഹെയ്റ്റിയിലെ അക്രമവും ഭക്ഷ്യ പ്രതിസന്ധി കൂടുതൽ മോശമാക്കിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$

$$$$$$$$$$$$

$$$$